# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.51/PR/PIC/PHQ/18 Date : 04.03.2018

## സംസ്ഥാന പോലീസ് മേധാവിയുടെ അനുശോചനം

കൊട്ടാരക്കര കുളക്കടയിൽ രക്ഷാപ്രവർത്തനം നടത്തവേയുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട കൊല്ലം എ ആർ ക്യാമ്പിലെ സിവിൽ പോലീസ് ഓഫീസർ വിപിൻ കുമാറിന്റെ വിയോഗത്തിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അനുശോചിച്ചു. കൃത്യനിർവ്വഹണത്തിനിടയിൽ ജീവൻ വെടിയേണ്ടിവന്ന വിപിൻ കുമാറിന്റെ വിയോഗത്തിൽ അദ്ദേഹം അഗാധമായ ദുഃഖം രേഖപ്പെടുത്തി. അകാലത്തിലുണ്ടായ ഈ വിയോഗം അദ്ദേഹത്തിന്റെ കുടുംബത്തിനുണ്ടാക്കിയ ഈ നഷ്ടം ഒരിക്കലും നികത്താനാവാത്തതാണെന്നും ആ കുടുംബത്തോടൊപ്പം കേരളാ പോലീസ് എന്നും ഉണ്ടാകുമെന്നും അനുശോചന സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു.

## വിദഗ്ധ ചികിത്സ ഉറപ്പാക്കും.

അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ പുത്തൂർ പോലീസ് സ്റ്റേഷൻ ഗ്രേഡ് എസ്.ഐ പി.കെ.വേണുഗോപാൽദാസ്, എഴുകോൺ പോലീസ് സ്റ്റേഷൻ ഗ്രേഡ് എ.എസ്.ഐ ജി.അശോകൻ എന്നിവർക്ക് സാധ്യമായ എല്ലാ വിദഗ്ധ ചികിത്സയും ഉറപ്പാക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.